LIBRARY ARCHIVES Kerala Legislative Assembly

ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ നവീകരണം

100(4990) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഡ്രിപ്പ് പദ്ധതിയിലുൾപ്പെടുത്തി ലോകബാങ്ക് അംഗീകാരം നൽകിയ ഡാമുകളുടെ നവീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് സഹായം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ഏതൊക്കെ ഡാമുകളുടെ പേരുകളാണ് സമർപ്പിച്ചിരുന്നത് ;

(സി) ഇപ്പോൾ അംഗീകരിച്ച ഡാമുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും കേരള വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ താഴെ പറയുന്നു. പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ.

വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്. പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ.

(സി) ഡാമുകളുടെ കാലപ്പഴക്കമാണ് മുൻഗണന നിശ്ചയിക്കുന്നതിന് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയാണ് ഒന്നാംഘട്ടത്തിലെ പദ്ധതികളെ തിരഞ്ഞെടുത്തത്.

പീച്ചിയിലെ കേരള ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

101 (4991) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചിയിലെ കേരള ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി (കെ.ഐ.ആർ.ഐ.)നെ ഒരു ഉന്നത സാങ്കേതിക ഗവേഷണസ്ഥാപനമായി ഉയർത്തുന്നതിന്റെ

ഭാഗമായി ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഡാം പരിപാലനത്തിലും ഹൈഡ്രോളജിയിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; ഈ അദ്ധ്യയന വർഷത്തിൽ പ്രസ്തുത കോഴ്സുകൾ തുടങ്ങാൻ കഴിയുമോ എന്നറിയിക്കുമോ ;

(സി) ഡാം ഡീസിൽട്ടിംഗ് മോണിറ്റർ ചെയ്യുന്നതിനും ഇതിനാവശ്യമായ പഠനം നടത്തുന്നതിനും ഈ സ്ഥാപനത്തിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു ഉന്നത സാങ്കേതിക ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി KERI-ക്ക് സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച് പഠനം നടത്തി ശുപാർശ സമർപ്പിക്കുവാൻ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ശുപാർശ സമർപ്പിച്ചതിനുശേഷമേ വികസന പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

ഈ വിഷയത്തിൽ കോഴ്സുകൾ ഇപ്പോൾ നടക്കുന്നില്ല. സ്ഥാപനത്തിന് സ്വയംഭരണ പദവി നൽകുന്ന കാര്യത്തിൽ തീരുമാനമായാൽ മാത്രമേ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ വ്യക്തത കൈവരികയുള്ളൂ.

(സി) ഡാമുകളിലെ സെഡിമെന്റേഷൻ സർവ്വേ നടത്തുന്നതിനാവശ്യമായ ആധുനിക സംവിധാനമായ Integrated Bathymatric System (IBS) KERI-യിൽ ഉണ്ട്. ഇതുപയോഗിച്ച് ഏകദേശം 12 സംഭരണികളിലെ സിൽറ്റിംഗിന്റെ അളവ് കണക്കാക്കിയിട്ടുണ്ട്.

മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

102 (4992) ശ്രീ. കെ. ബാബു:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ പണി എന്നാണ് തുടങ്ങിയത് ;

(ബി) പ്രസ്തുത ജലസേചന പദ്ധതി എന്നത്തേക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാകും എന്നാണ് കരുതുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly